**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5934** **16-03-2023 - ൽ മറുപടിയ്ക്ക്**

**ബഹുനില മന്ദിരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പുതിയ ബഹുനില കെട്ടിടങ്ങളും ഫ്ലാറ്റുകളും പണിയുന്നതിന് അനുമതി നൽകുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം കൂടി പ്ലാനിൽ ഉണ്ടാകണമെന്ന ചട്ടം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | ഉണ്ട്. എല്ലാ പുതിയ കെട്ടിടങ്ങൾക്കും മാലിന്യം വേർതിരിക്കുന്നതിനും മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ നൽകേണ്ടതാണെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അദ്ധ്യായം 16, ചട്ടം 79-ൽ വിസ്തീർണ്ണം, ഉപയോഗ ഗണം എന്നിവ അടിസ്ഥാനമാക്കി വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്. വ്യവസായ ആവശ്യങ്ങൾക്കായുള്ള നിർമ്മാണങ്ങൾക്കു ബിൽഡിംഗ് പ്ലാനിൽ (ചട്ടം 6(7)) details of waste generated, details & methods of disposal of waste എന്നിവ വ്യക്തമാക്കേണ്ടതാണെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>Large scale development projects -കൾക്ക് ചട്ടം 59(2)-ൽ പ്രത്യേക മാലിന്യ സംസ്കരണ പ്ലാന്റും ഖര മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളും ഡവലപ്പർ സ്വന്തം ചെലവിൽ നൽകേണ്ടതും ആയത് പരിപാലിക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. കെ. എം. ബി. ആർ/കെ. പി. ബി. ആർ 2019 ചട്ടം 17(6) പ്രകാരം ഓരോ ഉടമസ്ഥനും കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലോ നടത്തി പൂർത്തീകരിച്ചാലുടൻ പണി കഴിഞ്ഞുള്ള മാലിന്യങ്ങൾ പ്ലോട്ടിലോ സമീപ പ്ലോട്ടുകളിലോ നിക്ഷേപിച്ചിട്ടുള്ള പക്ഷം ആയത് നീക്കം ചെയ്യേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 17(18) പ്രകാരം സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ ഓരോ കെട്ടിട ഉടമയും പാലിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ